ബീമാപള്ളി: വെടിയൊച്ചയേക്കാൾ മുഴക്കമുള്ള മൗനം

സി. ദാവൂദ്

അടുത്ത ഒന്നു രണ്ടു ദിവസങ്ങളായി ഇൻറർനെറ്റിൽ യൂട്യൂബ് വഴി വ്യാപകമായി പ്രചരിക്കുന്ന ഒരു വീഡിയോ ചിത്രമുണ്ട്; ബീമാപള്ളി പ്രദേശത്തെ കടപ്പുറത്ത് കൂടി ഒരു ഡസനിലേറെ പേരുള്ള പോലിസുകാരുടെ സംഘം ഒരു ചെറുപ്പക്കാരൻെറ (മൃത?)ശരീരം, ചത്ത പശുവിനെ കുഴിയിലേക്കെന്നവണ്ണം, നിസ്സങ്കോചം മണലിലൂടെ വലിച്ചുകൊണ്ടു പോകുന്നതാണ് ചിത്രം. ആഫ്രിക്കയിലും മറ്റും നടക്കുന്ന ആഭ്യന്തര കലാപങ്ങളുടെ പശ്ചാത്തലത്തിലാണ് ഹൃദയം തുളക്കുന്ന അത്തരം ദൃശ്യങ്ങൾ സാധാരണ കാണാറുള്ളത്. ഗാസയിലെ പട്ടാളക്കാർ തിരുവനന്തപുരത്തുമെത്തിയോ എന്ന് ഒരുപക്ഷേ, ശങ്കിച്ചുപോകാവുന്ന രംഗം. പരസ്പരമുള്ള സംസാരങ്ങൾ ഒട്ടുമേ വ്യക്തമല്ലാത്തവിധം കാക്കകളുടെ കൂട്ടക്കരച്ചിലാണ് പശ്ചാത്തലത്തിൽ. ഇങ്ങനെയൊരു ചെയ്തി കാക്കകൾക്ക് പോലും സഹിക്കാൻ പറ്റാത്തതുപോലെ. അവ ബഹളംവെച്ച് കൂട്ടത്തോടെ പിന്നാലെ കൂടുന്നു. ആദിമനുഷ്യൻ ആദാമിൻെറ മകൻ ഹാബീൽ കൊല ചെയ്യപ്പെട്ടപ്പോഴും ഒരു കാക്ക തന്നെയായിരുന്നു സാക്ഷി.

ഇത് വല്ലാത്തൊരു അന്തംകെട്ട അദ്ഭുതം തന്നെ. ഒരു ലാത്തിച്ചാർജ് പോലും വലിയ രാഷ്ട്രീയ, മാധ്യമ കോളിളക്കം സൃഷ്ടിക്കുന്ന ഈ കേരളത്തിൽ ചരിത്രത്തിലെ ഏറ്റവും ഭീകരമായ പോലിസ് വെടിവെപ്പ് മൗനത്തിൻെറ കാതടപ്പിക്കുന്ന ശബ്ദത്താൽ ആർക്കും കേൾക്കാൻ കഴിയാതെ പോവുന്നു. ഒന്നോർത്തു നോക്കൂ: ഒരു ആദിവാസി യുവാവ് കൊല്ലപ്പെട്ട മുത്തങ്ങ വെടിവെപ്പ് കേരളത്തിൽ സൃഷ്ടിച്ച തിരമാലകൾ, മന്ത്രിയെ റോഡിൽ തടയാൻ വന്ന കൂത്തുപറമ്പിലെ ചെറുപ്പക്കാർക്കു നേരെ നടന്ന വെടിവെപ്പിൽ അഞ്ച് പേർ കൊല്ലപ്പെട്ടപ്പോൾ ഉണ്ടായ അക്രമപരമ്പരകൾ; മാധ്യമ വാർത്താ/വിശകലനങ്ങളുടെ പ്രളയപ്പാച്ചിൽ; എന്തിന്, അരനൂറ്റാണ്ട് മുമ്പ് ഇതേ തിരുവനന്തപുരത്തെ മറ്റൊരു കടപ്പുറത്ത് ഫ്ലോറി എന്ന യുവതി ഇ.എം.എസിൻെറ പോലിസിനാൽ വെടിയേറ്റ് മരിച്ചത് ഇന്നും കേരള രാഷ്ട്രീയ ചരിത്രത്തിലെ ഒരു സവിശേഷ അധ്യായമായി നിലനിൽക്കുന്നത്; അതേ കേരളത്തിൽ തന്നെയാണ് തലസ്ഥാനനഗരിയിൽ രായ്ക്കു രാമാനം ആറ് മനുഷ്യജീവനുകൾ ഭരണകൂട ഏജൻസിയുടെ കൈയാൽ നിന്നനിൽപിൽ പൊലിഞ്ഞു തീരുന്നത്. ഒരു ഇല പോലും അനങ്ങിയില്ല; ഒരു തിസീസും പുതുതായി ജനിച്ചില്ല; ഒരു ടോക് ഷോയും ടി.വിസ്റ്റുഡിയോകളിൽ സെറ്റ് ചെയ്യപ്പെട്ടില്ല. തലസ്ഥാനനഗരിയിൽ ബുദ്ധിജീവികൾക്ക് പഞ്ഞമില്ല. മാധ്യമകുബേരന്മാരുടെ വിഹാര ഭൂമിയാണവിടെ. ചാനൽ കുമാരീ കുമാരന്മാരെക്കൊണ്ട് വഴി നടക്കാൻ പറ്റാത്ത നഗരം. സ്നേഹം എന്നൊക്കെപ്പറഞ്ഞ് ആളെ കോഴിയാക്കുന്ന സിനിമാക്കാർ, കലാകാരന്മാർ, എഴുത്തുകാർ, സാംസ്കാരിക പ്രവർത്തകർ, പാട്ടുകാർ, സകലകലാവല്ലഭന്മാർ എല്ലാം വന്നടിഞ്ഞുകിടക്കുന്ന മഹാനഗരം. നഗരമധ്യത്തിൽ നിന്ന് അരമണിക്കൂർ പോലും വേണ്ട ബീമാപള്ളിയിൽ ഒന്നു പോയി വരാൻ. മാറാട്ടും പാനൂരും പാട്ടുത്സവങ്ങളും സാംസ്കാരിക ജുഗൽബന്ദികളും സംഘടിപ്പിച്ച വീരശിരോമണികൾ പക്ഷേ, ബീമാ പള്ളിയോ; അതങ്ങ് ചൊവ്വാ ഗ്രഹത്തിലല്ല്യോ എന്ന മട്ടിലാണ്. ലെസ്ബിയൻ, ഗേ മനുഷ്യാവകാശങ്ങൾക്ക് വേണ്ടിവരെ പ്രബന്ധങ്ങളും പ്രക്ഷോഭങ്ങളുമായി രംഗത്തുവരാറുള്ള മനുഷ്യാവകാശക്കാരും ആക്ടിവിസ്റ്റുകളും ബീമാപള്ളിയെക്കുറിച്ച് ഇതുവരെ ഒന്നും പറഞ്ഞില്ല.

എന്തുകൊണ്ടാണ് കേരളീയരായ ആറ് മനുഷ്യർ വെടിയേറ്റ് മരിച്ചു വീണിട്ടും, അതിൻെറ എത്രയോ ഇരട്ടി പേർ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരാൻ പറ്റാത്തവിധം ജീവച്ഛവങ്ങളായിട്ടും അത് ഒരു വിഷയമേ ആവാതെ പോവുന്നത്? കാരണം വ്യക്തം; അവർ

കേരളീയരാണെന്നത് നാലാമതോ അഞ്ചാമതോ ആയി വരുന്ന കാര്യം മാത്രമാണ്. അവർ കടപ്പുറത്തുകാരാണ്, പരമദരിദ്രരാണ്, ഒരു സംഘടനയുമായും ബന്ധമില്ലാത്തവരാണ്. അവരുടെ ജീവൻ പരിഗണിക്കപ്പെടേണ്ട ഒന്നാണെന്ന് കേരളത്തിന്റെ പൊതുബോധം മനസ്സിലാക്കുന്നില്ല. ഭരണകൂടത്തിന്റെ തോക്കിന് എളുപ്പത്തിൽ എത്തിപ്പിടിക്കാൻ പറ്റുന്ന ലക്ഷ്യങ്ങളാണവർ. അവർ ഇത്രയും കാലം ജീവിച്ചതു തന്നെ ഞങ്ങളുടെയൊക്കെ ഔദാര്യത്തിൽ എന്നായിരിക്കും രാഷ്ട്രീയ, മാധ്യമ, സാംസ്കാരിക രംഗത്തുള്ള കുബേരന്മാർ വിചാരിച്ചു കൊണ്ടിരിക്കുന്നത്.

ബീമാപള്ളിയിൽ എന്താണ് നടന്നതെന്ന് അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ചില മാധ്യമങ്ങൾ ഇപ്പോൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതു പോലെ വൻ തീവ്രവാദ ഗൂഢാലോചന തകർക്കുന്നതിന്റെ ഭാഗമായാണ് അവിടെ വെടിവെപ്പ് നടന്നതെങ്കിൽ അതും ജനങ്ങൾ അറിയട്ടെ (ലോഞ്ചർ ബോംബുകൾ വരെ അക്രമികളുടെ കൈവശം ഉണ്ടായിരുന്നുവെന്നാണ് ഒരു കോട്ടയം പത്രം എഴുതിക്കളഞ്ഞത്. എങ്കിൽ അതിന്റെ അവശിഷ്ടമെങ്കിലും കണ്ടുപിടിച്ച് ഉറവിടം കണ്ടെത്തേണ്ട ഉത്തരവാദിത്തം പോലിസിനുണ്ട്) ഉസാമ ബിൻ ലാദനും 'അൽകൊയ്ത'യും അവിടെ അതീവ രഹസ്യമായി ഓപറേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതും ജനങ്ങളറിയണമല്ലോ. നമ്മുടെ തലസ്ഥാന നഗരിയിൽ വരെ കയറിക്കളിക്കാൻ 'അൽകൊയ്ത'ക്ക് കഴിഞ്ഞെങ്കിൽ പിന്നെയെന്തിനാണ് ആഭ്യന്തര മന്ത്രിയെന്ന് പറഞ്ഞ് ഒന്ന് അവിടെ രാപ്പാർക്കുന്നു? മാധ്യമശിരോമണികൾ ഇപ്പോൾ പുതിയൊരു തിസീസുമായി രംഗത്ത് വന്നിട്ടുണ്ട്. കേരളത്തിലെ മാധ്യമങ്ങൾ ഒരു തരം സ്വയം പ്രഖ്യാപിതസംയമനം പാലിക്കുകയായിരുന്നുവത്രേ. ഇതു നല്ല ചേല്. അഞ്ചാറെണ്ണത്തിനെ വെടിവെച്ച് വീഴ്ത്തുക; അവരുടെ ജഡം ചത്ത അറവുമാടുകളെ കൊണ്ടുപോകുന്നതു പോലെ വലിച്ചു കൊണ്ടുപോവുക, വെടിയേറ്റു വീണവരെ രക്ഷിക്കാൻ വന്നവരെപ്പോലും വെടിവെച്ച് വീഴ്ത്തുക^എന്നിട്ട് അതിനെക്കുറിച്ച് കമ മിണ്ടാതിരിക്കുക; അതിനെ ആത്മസംയമനം എന്നൊരു തിസീസ് കൊണ്ട് സൈദ്ധാന്തികവത്കരിക്കുക. ബീമാപള്ളിക്കാർ ഇവരിൽ പലരെയും പോലെ ബുദ്ധിജീവികളല്ലെങ്കിലും സാമാന്യ ബുദ്ധിയുള്ളവരാണ്. ഇവർ പറയുന്നതെന്താണെന്ന് അവർക്ക് ശരിക്കും മനസ്സിലാകുന്നുണ്ട്. സത്യമായും തങ്ങളെ മനുഷ്യഗണത്തിൽ ഉൾപ്പെടുത്താൻ വൈമനസ്യമുള്ള ഒരു വർഗത്തിന്റെ കൈയിലാണ് നമ്മുടെ സാംസ്കാരിക, മാധ്യമ, രാഷ്ട്രീയനേതൃത്വം എന്ന വേദനിപ്പിക്കുന്ന സത്യം ഇത്രയും തെളിമയിൽ വെളിച്ചത്തുവന്ന അനുഭവം ഇതിനു മുമ്പുണ്ടായിട്ടില്ല. അതിനാൽ ബീമാപള്ളി സംഭവം വലിയൊരു സൂചകമാണ്. അതിലെ ഉള്ളറിവുകൾ അതിന്റെ ഇരകളായ സമൂഹം മനസ്സിൽ സൂക്ഷിക്കുക തന്നെ ചെയ്യും.

ബീമാപള്ളി സംഭവത്തിന്റെ പേരിൽ നാട്ടിൽ മുഴുവൻ വിദ്വേഷം സൃഷ്ടിക്കണമെന്നല്ല പറയുന്നത്. കൂത്തുപറമ്പ് രക്തസാക്ഷികളെ വെച്ച് സി.പി.എമ്മും ഫ്ലോറിയെ വെച്ച് കോൺഗ്രസുകാരും കേരളമാകെ കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ ആവർത്തിക്കണമെന്നുമല്ല. അങ്ങനെയുണ്ടാവാതിരിക്കാൻ ഏറ്റവും ശ്രമിച്ചത് മുസ്ലിം സംഘടനാനേതൃത്വം തന്നെയാണ്. വെടിയേറ്റ് മരിച്ചവരുടെ വീടുകളും പരിക്കേറ്റവർ കിടക്കുന്ന ആശുപത്രിയും സന്ദർശിച്ച ശേഷം അവർ പോയത് ലത്തീൻ കത്തോലിക്കരുടെ അരമനയിലേക്കാണ്. രണ്ട് സമുദായങ്ങൾ തമ്മിലുള്ള പ്രശ്നമല്ല ഇതെന്നും അങ്ങനെയാവരുതെന്നും ശക്തമായ നിലപാടെടുത്തവരാണവർ. പക്ഷേ, ആത്മസംയമനത്തിന്റെ വീമ്പുവിളമ്പുന്ന മാധ്യമ വീരസ്വാമിമാർ അതുപോലും വാർത്തയാക്കിയില്ല. വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാവുന്ന ഇത്രയും ഭീകരമായ ഒരു സംഭവം^അതും അതിവൈകാരികർ ധാരാളം വസിക്കുന്ന ഒരു കടലോര കോളനിയിൽ^നടന്നിട്ടും മുസ്ലിം സമുദായ നേതൃത്വവും സംഘടനകളും കാണിച്ച അത്യന്തം അവസരോചിതമായ ഇടപെടലുകളെ പേരിനെങ്കിലും

ഒന്നു പ്രശംസിക്കാൻ ആത്മസംയമന വീരന്മാരും ബുദ്ധിജീവി ഗോസായിമാരും രാഷ്ട്രീയ, ഭരണ നേതൃത്വവും ഒരു വാക്ക് പോലും പറഞ്ഞില്ലല്ലോ എന്നത് ഒരു കനലായി തന്നെ നിലനിൽക്കും. നമ്മുടെ പൊതുസമൂഹത്തിന്റെയും അതിന്റെ സാംസ്കാരിക, മാധ്യമ, രാഷ്ട്രീയ നേതൃത്വത്തിന്റെയും യഥാർഥ മുഖമെന്തെന്ന് നമുക്ക് പച്ചക്ക് തിരിച്ചറിയാൻ, ആ തിരിച്ചറിവുകൾ കെടാതെ കാത്തുപോരാൻ ബീമാപള്ളി സംഭവം ശരിക്കും ഉപകരിച്ചു എന്നുറപ്പിക്കാം.

Cortesy
Madhyamamonline

Best Regards
Shereef Sharjah